(സി) സർക്കാർ പ്രസ്സുകളിലൂടെ മാത്രം വിതരണം ചെയ്യുന്ന പ്രസിദ്ധീകരണങ്ങൾ ലഭിക്കുന്നതിലെ ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ ;

(ഡി) സർക്കാരിന്റെ അച്ചടി ജോലികൾ പൂർണ്ണമായും സർക്കാർ പ്രസ്സുകളിൽ അച്ചടിക്കാൻ കഴിയുംവിധം സർക്കാർ പ്രസ്സുകളെ ശക്തിപ്പെടുത്തുമോ ?

ഉത്തരം

(എ) അച്ചടി വകുപ്പിന്റെ നവീകരണത്തിനായി ശ്രീമതി ഇന്ദിര ചന്ദ്രശേഖർ, പബ്ലിഷർ, തൂലിക, ബുക്സ്, ന്യൂഡൽഹി അദ്ധ്യക്ഷയായി ഒരു കമ്മിറ്റി ജി.ഒ. (എംഎസ്.) നമ്പർ 35/10/ഇ.വി.വ തീയതി 23-2-2010 പ്രകാരം രൂപവത്കരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റിയുടെ പ്രവർത്തനം പുരോഗമിച്ചു വരുന്നു. ലെറ്റർ പ്രസ്സ് വിഭാഗത്തിലുള്ള കമ്പോസിറ്റർമാർക്കും എം.സി. വിഭാഗത്തിലുള്ള ജീവനക്കാർക്കും കെൽട്രോൺ മുഖേന ഡി.റ്റി.പി. പരിശീലനം നൽകിയിട്ടുണ്ട്. ലെറ്റർ പ്രസ്സ് വിഭാഗത്തിൽപ്പെട്ട പ്രിന്റർമാർക്കും ഓഫ്സെറ്റ് പ്രിന്റിംഗിൽ വകുപ്പ് തലത്തിൽ പരിശീലനം നൽകിയിട്ടുണ്ട്. പ്രസ്സുകളുടെ നവീകരണത്തിനായി ചെയ്ത നടപടികളുടെ വിശദാംശം അനുബന്ധം (1) ആയി ചേർക്കുന്നു.* ഗവൺമെന്റ് സെൻട്രൽ പ്രസ്സിലും മണ്ണന്തല ഗവൺമെന്റ് പ്രസ്സിലും നവീകരണ പ്രവർത്തനങ്ങൾ പൂർത്തിയായിട്ടില്ല.

(ബി) അനുബന്ധം (2) ആയി ചേർക്കുന്നു.*

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി) ഇക്കാര്യം പരിശോധിച്ചു വരുന്നു.

താഴെപ്പറയുന്ന നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരം എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭിച്ചിട്ടില്ല.

Nos. 1745, 1755, 1774, 1783, 1804, 1806, 1816, 1817, 1820, 1822, 1823, 1824, 1826, 1839, 1841, 1842, 1860, 1883, 1888 ആകെ-19.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

(അദ്ധ്യക്ഷ വേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ.)

9.30 A.M]

II ശ്രദ്ധ ക്ഷണിക്കൽ

(1) രാജീവ്ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ പദ്ധതി

ശ്രീ. കെ. സി. ജോസഫ്: സർ, കേരളത്തിലെ പകുതിയിലേറെ നിയോജക മണ്ഡലങ്ങളും സമ്പൂർണ്ണമായി വൈദ്യുതീകരിച്ച് കഴിഞ്ഞിട്ടും ഇരിക്കൂർ നിയോജക മണ്ഡലത്തിൽ ഇതുവരെ സമ്പൂർണ്ണ വൈദ്യുതീകരണം

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

പൂർത്തിയായിട്ടില്ല. സമ്പൂർണ്ണ വൈദ്യുതീകരണം ഒരു മരീചികയായി കാണുന്ന ഏതാണ്ട് ഒരു ഡസനോളം മണ്ഡലങ്ങൾ ഇപ്പോഴും കേരളത്തിലുണ്ട്. ഇരിക്കൂറിൽ പ്രാഥമികമായ സർവ്വേ പൂർത്തിയായപ്പോൾ സമ്പൂർണ്ണ വൈദ്യുതീകരണത്തിന് ഏതാണ്ട് 12 കോടി രൂപയെങ്കിലും വേണമെന്നാണ് പറയുന്നത്. എം.എൽ.എ. ഫണ്ടും എം.പി. ഫണ്ടും ഒക്കെ നൽകാവുന്ന രീതിയിൽ മാറ്റിവച്ചുവെങ്കിലും ഇപ്പോഴും ഇരിക്കൂറിന്റെ സമ്പൂർണ്ണ വൈദ്യുതീകരണം എന്നത് സ്വപ്നമായി നിലനിൽക്കുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ : ബഹുമാനപ്പെട്ട അംഗങ്ങൾ അവരവരുടെ സീറ്റുകളിൽ ഇരിക്കുക.

ശ്രീ. കെ. സി. ജോസഫ് : ബഹുമാനപ്പെട്ട മന്ത്രി പ്രഖ്യാപിച്ചത് സമ്പൂർണ്ണ വൈദ്യുതീകരണത്തിനുവേണ്ടി ഒന്നുകിൽ ഒരു കോടി രൂപ അല്ലെങ്കിൽ ആകെ ചെലവാകുന്ന പണത്തിന്റെ 50% whichever is lower എന്നാണ്. അതനുസരിച്ച് ലഭിക്കാവുന്നത് ഒരു കോടി രൂപ മാത്രമാണ്. പന്ത്രണ്ട് കോടി രൂപ ആവശ്യമുള്ള ഇരിക്കൂർ മണ്ഡലത്തിൽ എങ്ങനെ ഇത് നടപ്പിലാക്കാൻ സാധിക്കും. അതുകൊണ്ട് എനിക്ക് ആദ്യം അപേക്ഷിക്കാനുള്ളത് നിർബന്ധമായും എല്ലാ മണ്ഡലങ്ങളിലും എസ്റ്റിമേറ്റിന്റെ 50% ആണെങ്കിലും അല്ലെങ്കിലും വേർതിരിവ് കൂടാതെ പ്രഖ്യാപിച്ച ഒരു കോടി രൂപ നൽകണം. രണ്ടാമത്തെ കാര്യം, ഈ സമ്പൂർണ്ണ വൈദ്യുതീകരണം പൂർത്തീകരിക്കണമെങ്കിൽ രാജീവ് ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ പദ്ധതിയിലൂടെ മാത്രമേ സാദ്ധ്യമാകൂ. 5-7-2010-ൽ എന്റെ ചോദ്യത്തിന് അങ്ങ് നിയമസഭയിൽ നൽകിയ മറുപടിയിൽ പറയുന്നത് കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, വയനാട്, മലപ്പുറം, പാലക്കാട് എന്നീ ജില്ലകളിൽ രാജീവ് ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ പദ്ധതി നടപ്പിലാക്കുന്നതിന് ടെണ്ടർ ക്ഷണിച്ചുവെന്നാണ്. അതിന്റെ നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; ടെണ്ടർ അംഗീകരിച്ചുകഴിഞ്ഞോ; ഇരിക്കൂർ മണ്ഡലത്തിലെ ഏതെല്ലാം മേഖലകളിലാണ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; ഇതിനുവേണ്ടി അനുവദിച്ച തുക എത്രയാണ്; ഇതിന്റെ സമ്പൂർണ്ണ വൈദ്യുതീകരണം പൂർത്തിയാക്കാനുള്ള ടാർഗെറ്റ് എത്രയാണ്; എന്നിവ വ്യക്തമാക്കണം. അടിയന്തരമായും കേരളത്തിലെ പിന്നോക്ക മണ്ഡലങ്ങൾക്ക് കൂടി അർഹമായ പരിഗണന കൊടുക്കണം. ഇരിക്കൂർ, പേരാവൂർ മണ്ഡലങ്ങൾ പോലെയുള്ള അവികസിതമായ മണ്ഡലങ്ങൾക്ക് ഈ പദ്ധതി നടപ്പിലാക്കാതെ യാതൊരു മോചനവുമില്ല. അതുകൊണ്ട് ദയവായി രാജീവ് ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ പദ്ധതി നടപ്പിലാക്കുന്ന കാര്യം ത്വരിതപ്പെടുത്തണമെന്ന് ബഹുമാനപ്പെട്ട മിനിസ്റ്ററോട് ഞാൻ അപേക്ഷിക്കുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ : ബഹുമാനപ്പെട്ട അംഗങ്ങൾ അവരവരുടെ സീറ്റുകളിൽ ഇരിക്കുക.

പിന്നോക്ക പട്ടികജാതി സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) : സർ, ഗ്രാമീണ വൈദ്യുതീകരണത്തിനുള്ള കേന്ദ്ര സർക്കാർ പദ്ധതിയാണ് രാജീവ് ഗാന്ധി ഗ്രാമീൺ വൈദ്യുതീകരണ യോജന.

LIBRARY ARCHIVES Kerala Legislative Assembly

ഈ പദ്ധതി പ്രകാരം ഇന്ത്യയിൽ ആകെ 562 ജില്ലകളിലായി 25,000 കോടി രൂപയുടെ പ്രവർത്തികളാണ് അനുവദിച്ചത്. പദ്ധതി ആരംഭിച്ച 2005-ൽ തന്നെ കേരള സംസ്ഥാനത്തെ 14 ജില്ലകൾക്കു വേണ്ടി 438 കോടി രൂപയുടെ പദ്ധതി കേന്ദ്ര സർക്കാരിന് സമർപ്പിച്ചു. എന്നാൽ ഇതിൽ 19 കോടി 75 ലക്ഷം രൂപയുടെ ഇടുക്കി ജില്ലയുടെ പദ്ധതി മാത്രമാണ് അനുവദിക്കപ്പെട്ടത്. മറ്റ് ജില്ലകൾക്കും കൂടി പദ്ധതി അനുവദിക്കണമെന്ന് നിരന്തരമായി ഗവൺമെന്റ് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര ഊർജ്ജ വകുപ്പുമന്ത്രി ശ്രീ. സുശീൽ കുമാർ ഷിൻഡേ മറ്റ് ജില്ലകളുടെ പദ്ധതികൾ കൂടി അനുവദിക്കാമെന്ന് പ്രഖ്യാപിച്ചു. ഇതനുസരിച്ച് കാസർകോട്, കണ്ണൂർ, വയനാട്, കോഴിക്കോട്, മലപ്പുറം, പാലക്കാട് എന്നീ ആറ് ജില്ലകൾക്ക് കൂടി 114.57 കോടി രൂപയുടെ പദ്ധതി കഴിഞ്ഞ മാർച്ച് മാസത്തോടെയാണ് അനുവദിച്ചിട്ടുള്ളത്. ഇതിൽ കണ്ണൂർ ജില്ലയുടെ പദ്ധതിക്കായി 19.71 കോടി രൂപയാണ് അംഗീകരിച്ചിട്ടുള്ളത്. ലൈൻ നിർമ്മാണത്തിന് വേണ്ടിയുള്ള തുക 17.2 കോടി രൂപയാണ്. പദ്ധതി ടെണ്ടർ ചെയ്തിട്ടുണ്ട്. ബെൻഫ്ക്ക് ഇലക്ട്രിക്കൽസ് ആന്റ് ഇലക്ട്രോണിക്സ് എന്ന കൽക്കട്ട കേന്ദ്രമായ കമ്പനിയാണ് പദ്ധതി കരാർ ഏറ്റെടുത്തിട്ടുള്ളത്. പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരികയാണ്. ഒന്നര വർഷം കൊണ്ടാണ് പണി പൂർത്തീകരിക്കേണ്ടത്. ഇതിൽ ഒമ്പത് കോടി മുപ്പത്തിയെട്ട് ലക്ഷം രൂപയുടെ പ്രവൃത്തികൾ ഇരിക്കൂർ മണ്ഡലത്തിൽപ്പെടുന്നതാണ്. പത്തൊമ്പത് കോടി എഴുപത്തിയൊന്ന് ലക്ഷം രൂപ കണ്ണൂർ ജില്ലയ്ക്ക് അനുവദിച്ചതിൽ ഗവൺമെന്റ് ഇടപെട്ട് ഒമ്പത് കോടി മുപ്പത്തിയെട്ട് ലക്ഷം രൂപയാണ് ബഹുമാനപ്പെട്ട മെമ്പറുടെ മണ്ഡലത്തിലേക്ക് നീക്കിവച്ചിട്ടുള്ളത്. കേരളത്തിന്റെ ചരിത്രത്തിൽ. ഇത്രയും വലിയ തുകയുടെ വികസന പ്രവർത്തനം ഒരു മണ്ഡലത്തിലും നടന്നിട്ടുണ്ടാകില്ല. ഇനി നടക്കാൻ പോകുന്നുമില്ല. ഇതാണ് എനിക്ക് പറയാനുള്ളത്. ജില്ലയിലെ പത്ത് മണ്ഡലങ്ങളിൽ തലശ്ശേരി, കണ്ണൂർ, അഴീക്കോട് എന്നീ മൂന്ന് മണ്ഡലങ്ങളാണ് ഇതുവരെ സമ്പൂർണ്ണ വൈദ്യുതീകരണം കൈവരിച്ചത്. എടക്കാട്, പേരാവൂർ, ഇരിക്കൂർ, കൂത്തുപറമ്പ്, പെരിങ്ങളം, പയ്യന്നൂർ, തളിപ്പറമ്പ് എന്നീ ഏഴ് മണ്ഡലങ്ങൾ ഇനിയും സമ്പൂർണ്ണ വൈദ്യുതീകരണം കൈവരിക്കാനുണ്ട്. ആർ.ജി.ജി.വൈ. പദ്ധതി മുഖേന ഇത് നമുക്ക് പൂർത്തീകരിക്കാൻ പറ്റും. കേരളത്തിൽ ഏറ്റവും കൂടുതൽ കണക്ഷൻ കൊടുത്തതിൽ മൂന്നാമത്തെ മണ്ഡലമാണ് ബഹുമാനപ്പെട്ട എം.എൽ.എ. കെ. സി. ജോസഫിന്റെ മണ്ഡലം. ഇരുപതിനായിരത്തി അറുന്നൂറ്റി ഇരുപത് കണക്ഷനാണ് ഈ ഗവൺമെന്റ് വന്നതിനുശേഷം തന്നിട്ടുള്ളത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആ മണ്ഡലത്തിൽ വൈദ്യുതി മേഖലയിൽ മാത്രം പത്തൊമ്പത് കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ഞാൻ അവിടെ വന്ന സമയത്ത് തന്നെ ബഹുമാനപ്പെട്ട എം.എൽ.എ. ഇത് സൂചിപ്പിച്ചതാണ്. കണ്ണൂർ ജില്ല സമ്പൂർണ്ണ വൈദ്യുതീകരണം പ്രഖ്യാപിക്കുമ്പോൾ ഇരിക്കൂർ മണ്ഡലം ഒഴിവാക്കിക്കൊണ്ടുള്ള ഒരു സമ്പൂർണ്ണ വൈദ്യുതീകരണം കണ്ണൂർ ജില്ലയിൽ ഉണ്ടാകില്ല എന്നുകൂടി ബഹുമാനപ്പെട്ട മെമ്പർക്ക് ഞാൻ ഉറപ്പുനൽകുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. സി. ജോസഫ് : സർ, അങ്ങ് പറഞ്ഞതുപോലെ ഈ പദ്ധതി ടെണ്ടർ വിളിച്ചെങ്കിലും അതിന്റെ പ്രവൃത്തി ആരംഭിച്ചതായി കാണുന്നില്ല. രാജീവ് ഗാന്ധി പദ്ധതി ആരംഭിക്കാൻ വളരെയേറെ കാലതാമസം ഉണ്ടായി. ആ ഒരു കാലതാമസം ഭാവിയിൽ ഉണ്ടാകാത്ത രീതിയിൽ സമയബന്ധിതമായി പദ്ധതി പൂർത്തീകരിക്കാനും ഇതിന്റെ മോണിറ്ററിംഗിനും വേണ്ടി വൈദ്യുതി ബോർഡ് പ്രത്യേക സംവിധാനം ഉണ്ടാക്കാനുള്ള നടപടി സ്വീകരിക്കാമോ ?

ശ്രീ. എ. കെ. ബാലൻ : സർ, ആർ.ജി.ജി.വി.വൈ. പദ്ധതിയുമായി ബന്ധപ്പെട്ടുകൊണ്ടുള്ള മോണിറ്ററിംഗ് നല്ല രൂപത്തിൽ നടക്കും. പദ്ധതി പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ മണ്ഡലത്തിൽ എനിക്ക് തോന്നുന്നത്, വളരെ നിസ്സാരമായിട്ടുള്ള പ്രദേശങ്ങൾ മാത്രമാണ് ഇനി കണക്ഷൻ കൊടുക്കാൻ ബാക്കിയുള്ളത്. പ്രത്യേകിച്ച് മോണിറ്ററിംഗിനുവേണ്ടി ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്താം.

(2) നിർമ്മാണ മേഖല നേരിടുന്ന സ്തംഭനാവസ്ഥ

ശ്രീ. സി. കെ. പി. പത്മനാഭൻ : സർ, കേരളത്തിലെ നിർമ്മാണ മേഖലയുടെ സ്തംഭനം അടിയന്തരമായി പരിഹരിക്കണമെന്നതാണ് എന്റെ ആവശ്യം. കഴിഞ്ഞ ദിവസം ഇതിന് ചില പരിഹാര നടപടികൾ ഗവൺമെന്റ് സ്വീകരിച്ചതായി ഒരു സർക്കാർ ഉത്തരവ് മുഖേന മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ട്. ഹൈക്കോടതി വിധിയുടെ ഭാഗമായാണ് കേരളത്തിൽ പാറ പൊട്ടിക്കുന്നതിന് താൽക്കാലികമായി നിരോധനം ഏർപ്പെടുത്തിയത്. ഈ നിരോധനം കേരളത്തെ ആകെ സ്തംഭിപ്പിച്ചിട്ടുണ്ട്. പ്രത്യേകിച്ചും ചെറുകിട മേഖലയിലെ ക്വാറി ഉടമകളെ സാരമായി ബാധിക്കുകയും ലക്ഷക്കണക്കിന് തൊഴിലാളികളുടെ തൊഴിൽ തന്നെ നഷ്ടപ്പെടുന്ന അവസ്ഥയുമുണ്ടായിട്ടുണ്ട്. ഇത് അടിയന്തരമായി പരിഹരിക്കുന്നതിനുവേണ്ടി ഇപ്പോൾ ചില തീരുമാനങ്ങൾ ഗവൺമെന്റ് എടുത്തതായി മനസ്സിലാക്കുന്നു. പക്ഷേ ഈ തീരുമാനം നടപ്പാകണമെങ്കിൽ ഗവൺമെന്റ് നേരിട്ട് ഇടപെടേണ്ടതായിട്ടുണ്ട്. ഉദാഹരണത്തിന് ഒരു ക്വാറി ഉടമയ്ക്ക് , സംഭരിക്കേണ്ട നാലഞ്ച് ലൈസൻസുകൾക്ക് ഏകജാലക സംവിധാനം ഏർപ്പെടുത്തുമെന്നാണ് ഇപ്പോൾ ഗവൺമെന്റ് പറഞ്ഞിട്ടുള്ളത്. അത് നല്ല കാര്യമാണ്. പക്ഷേ ഇപ്പോൾ തന്നെ ആയിരക്കണക്കിന് അപേക്ഷകൾ കെട്ടിക്കിടക്കുകയാണ്. ഈ അപേക്ഷകൾ സമയബന്ധിതമായി തീർക്കുന്നതിന് ജില്ലാതലത്തിൽ ക്വാറി ഉടമകളെയും തൊഴിലാളികളെയും ഗവൺമെന്റ് ഉദ്യോഗസ്ഥരെയും വിളിച്ചുചേർത്ത് മന്ത്രിമാർ തന്നെ ഒരു ചർച്ച നടത്തിയാൽ ഈ സ്തംഭനം പരിഹരിക്കപ്പെടും. നിർമ്മാണം വീണ്ടും ആരംഭിക്കാനും പറ്റും. അതോടൊപ്പം സ്ഫോടക വസ്തു കൈകാര്യം ചെയ്യുന്നതും ഒരു പ്രധാനപ്പെട്ട വിഷയമാണ്. സ്ഫോടനം നടത്താതെ കരിങ്കല്ലിൽ ഖനനം ചെയ്യാൻ പറ്റില്ല. പക്ഷേ ഇപ്പോൾ നിലവിലുള്ള പ്രശ്നം ബോംബെയിൽ സ്ഫോടനം നടന്നാൽ കണ്ണൂരിൽ ക്വാറികൾ അടയ്ക്കും. എവിടെയെങ്കിലും സ്ഫോടനം നടന്നാൽ ക്വാറിയുടെ പ്രവർത്തനം സ്തംഭിപ്പിക്കുന്ന രൂപത്തിൽ ഇടപെടാൻ പറ്റില്ല. അതിന് കണിശമായ തീരുമാനമെടുക്കണം. കാരണം